പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 556

25.10.2011 -ൽ മറുപടിയ്ക്ക്

ലീഗൽ മെട്രോളജി വകുപ്പ് ശക്തമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പ് ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളിലെ ലീഗൽ മെട്രോളജി വകുപ്പുകളെ ശക്തമാക്കുക എന്ന പദ്ധതിയുടെ ഭാഗമായി 2006-2007, 2007-2008 എന്നീ വർഷങ്ങളിൽ അനുവദിച്ച 33 ലക്ഷം രൂപാ വിനിയോഗിച്ച് അത്യാധുനിക രീതിയിലുള്ള ക്ലാസ്-1 ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുകയുണ്ടായി. ഇതുമൂലം തുക്ക കട്ടികളുടെ പരിശോധനയുടെ ഗുണനിലവാരം പതിന്മടങ്ങ് മെച്ചപ്പെട്ടു. സംസ്ഥാനത്തെ വെയ്ബ്രിഡ്ജുകൾ പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചുതന്നിട്ടുള്ള 4 മൊബൈൽ വെരിഫിക്കേഷൻ കിറ്റുകൾ ഉപയോഗിച്ചു വരുന്നു. ഇതുമൂലം വെയ്ബ്രിഡ്ജുകളുടെ പരിശോധനയും മുദ്ര വയ്പും കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കുന്നു. പാക്ക് ചെയ്ത സാധനങ്ങളുടെ നെറ്റ് കണ്ടന്റ് പരിശോധന കൃത്യമായി നടത്തുന്നതിനും മുകളിൽ പറഞ്ഞ ക്ലാസ്-1 ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഉപയോഗിക്കുന്നതുമൂലം സാധിക്കുന്നു.<br><br>എറണാകുളത്ത് കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ഒരു ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ബി.ഐ.എസ് അംഗീകാരത്തോടു കൂടിയ കാരറ്റ് അനലൈസർ എന്ന ഉപകരണം ഉപയോഗിച്ച് പ്രമുഖ ജ്വല്ലറി ഷോപ്പുകളിൽ സ്വർണ്ണത്തിന്റെ പരിശുദ്ധി നിർണ്ണയിക്കുന്നതിന് സംവിധാനമുണ്ട്. പ്രസ്തുത ലാബിനെ |

വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ശാസ്ത്രീയമായി പുന:സംഘടിപ്പിക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച പഠന റിപ്പോർട്ട് (Work Study Report) സർക്കാർ പരിശോധിച്ചുവരികയാണ്.

| | |
|---|---|
| (ബി) പ്രസ്തുത വകുപ്പിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ഉപയോഗിച്ചു വരുന്നത് ; | (ബി) ഇക്കൂട്ടികളുടെ പരിശോധനയ്ക്ക് മോണോബ്ളോക്ക് ഡിസൈനിലുള്ള EMFC ലോഡ്സെല്ലുകളുള്ള ക്ളാസ്-1 ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ ഉപയോഗിച്ചു വരുന്നു. ടാക്സി / ആട്ടോറിക്ഷാ മീറ്ററുകളുടെ പരിശോധനയ്ക്ക് ബഞ്ച്ടെസ്റ്റും റോഡ് ടെസ്റ്റും നടത്തിവരുന്നു. വെയ്ബ്രിഡ്ജ് ടെസ്റ്റിംഗ് കിറ്റ് 4 എണ്ണം സംസ്ഥാനത്തെ വെയ്ബ്രിഡ്ജുകൾ പരിശോധിക്കാൻ ഉപയോഗിക്കുന്നു. |
| (സി) ഇതിനായി എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ